പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2507 — 05/02/2018 -ൽ മറുപടിയ്ക്ക്

## ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപറേഷന്റെ കൈവശം എത്ര റിസോർട്ട് സൈറ്റുകളാണുള്ളത്; | എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപറേഷന്റെ കൈവശം ആറ് റിസോർട്ട് സൈറ്റുകളാണുള്ളത് |
| ബി) | ഇത് ആർക്കൊക്കെയാണ് ലീസിന് കൊടുത്തിട്ടുള്ളത്; ലീസ് തുകയും നാളിതുവരെ കുടിശ്ശികയായ തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | ബി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| സൈറ്റ് നം. | റിസോർട്ട് | പ്രതിവർഷ പാട്ടതുക (രൂപ) | കടിശ്ശിക (രൂപ) |
|---|---|---|---|
| 1 | ജോയ്സ് എന്റർ-പ്രൈസസ് | 34,00,000 | 253 ലക്ഷം രൂപ |
| 2 | ഗ്രീൻഗേറ്റ് വേ ലിഷർ ലിമിറ്റഡ് | 92,01,211 | 519 ലക്ഷം രൂപ |
| 4 | ഗ്ലോബ് ലിങ്ക് ഹോട്ടൽസ് &എന്റർടൈൻമെന്റ്സ് പ്രൈ. ലിമിറ്റഡ്. | 44,70,165 | 244 ലക്ഷം രൂപ |
| 5 | ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ് | 69,72,797 | ഇല്ല |
| 6 | ഭാരത് ഹോട്ടൽസ് ലിമിറ്റഡ് | 70,68,936 | 91 ലക്ഷം രൂപ |
| 7 | ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ. ലമിറ്റഡ് | 73,16,128 | 264 ലക്ഷം രൂപ |

(...2)

| | | | |
|---|---|---|---|
| സി) | ഇതിൽ എത്ര റിസോർട്ടുകളാണ് പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | വിവാന്താ ബൈ താജ് ബേക്കൽ, ലളിത് റിസോർട്ട്സ്&സ്പാ ബേക്കൽ എന്നീ 2 റിസോർട്ടുകൾ നിലവിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്.പ്രസ്തുത റിസോർട്ടുകൾ യഥാക്രമം ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ്, മുംബൈ, ഭാരത് ഹോട്ടൽസ് ലിമിറ്റഡ്, ന്യൂ ഡൽഹി എന്നിവർക്കാണ് ലീസിന് നൽകിയിട്ടുള്ളത്. |
| ഡി | പ്രവർത്തന സജ്ജമാകാത്ത എത്ര റിസോർട്ടുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) | പ്രവർത്തന സജ്ജമാകാത്ത മൂന്ന് റിസോർട്ടുകളാണ് നിലവിലുള്ളത്, കൂടാതെ സൈറ്റ് നം.1 നൽകിയിട്ടുള്ള ജോയ്സ് എന്റർ പ്രൈസസ് നിർമ്മാണ പ്രവർത്തനം നടത്തുന്നിടത്ത് തീരദേശ പരിപാലന നിയമ പ്രകാരം സ്ഥല ലഭ്യത കുറവായതിനാൽ സ്ഥലം തിരിച്ച് ബി.ആർ.ഡി.സി-യ്ക്ക് കൈമാറിയിട്ടുണ്ട്. |
| ഇ) | ലീസ് അടക്കാതെയും പ്രവർത്തനം സജ്ജമാക്കാത്തതുമായ റിസോർട്ട് സൈറ്റുകൾ ബന്ധപ്പെട്ടവരിൽ നിന്ന് തിരിച്ചു വാങ്ങി പുതിയ ഉടമസ്ഥർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഇ) | റിസോർട്ട് നിർമ്മാതാക്കളുമായി 29/11/2018ൽ ബി.ആർ.ഡി.സി ചേർന്ന യോഗത്തിൽ ഗ്രീൻഗേറ്റ് വേ ലിഷർ ലിമിറ്റഡ്, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് &എന്റർടൈൻമെന്റ്സ് പ്രൈ. ലിമിറ്റഡ് എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ തന്നെ പുനരാരംഭിക്കുന്നതിനും, പാട്ട കുടിശ്ശിക തീർക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ.ലിമിറ്റഡ്-ന്റെ പ്രതിനിധി ടി യോഗത്തിൽ പങ്കെടുത്തിരുന്നില്ല |

സെക്ഷൻ ഓഫീസർ